**കാലിക്കറ്റ് സർവകലാശാല**
**(ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്)**

127241/DOA-ASST-8/2026/Admn 17.07.2026

**<u>പത്രക്കുറിപ്പ്</u>**

നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്ന്, അഞ്ച് സെമസ്റ്ററുകളിലേയ്ക്കുള്ള 2026-27 അധ്യയന വർഷത്തെ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനായി സർവകലാശാല ഓൺലൈൻ അപേക്ഷ ക്ഷണിച്ചിരിക്കുന്നു. കേരളത്തിലേയും, മറ്റ് സംസ്ഥാനങ്ങളിലെയും സർവകലാശാലകളിലെ (ഓട്ടോണമസ് കോളേജുകൾ ഉൾപ്പടെ ) നാലുവർഷ ബിരുദ പ്രോഗ്രാമുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. അപേക്ഷ സമർപ്പിക്കുന്ന വിദ്യാർത്ഥികൾ മുൻ സെമസ്റ്ററുകളിലെ മുഴുവൻ പേപ്പറുകളും പാസായിരിക്കണം. നാലു വർഷ ബിരുദ പ്രോഗ്രാമുകളുടെ മൂന്നാം സെമസ്റ്ററിൽ ഇന്റർ യൂണിവേഴ്സിറ്റി ട്രാൻസ്ഫറിനോടൊപ്പം മേജർ സ്വിച്ചിങ്ങും അനുവദിക്കുന്നതാണ്. എന്നാൽ അഞ്ചാം സെമസ്റ്റർ വിദ്യാർത്ഥികൾക്ക് മേജർ നിലനിർത്തികൊണ്ടുള്ള കോളേജ് ട്രാൻസ്ഫർ മാത്രമാണ് അനുവദനീയമായിട്ടുള്ളത്. അപേക്ഷ ഫീസ് SC/ST : Rs. 220/- , Others : Rs. 520/-

ഓപ്പൺ / ഡിസ്റ്റൻസ് മോഡിൽ മറ്റ് സർവകലാശാലകളിലെ ഹോണേഴ്സ് ബിരുദ പ്രോഗ്രാമിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്. 17.07.2026 മുതൽ 22.07.2026 5 p.m വരെ, അഡ്മിഷൻ വിഭാഗത്തിന്റെ പോർട്ടൽ ( https://admission.uoc.ac.in/admission?pages=Transfer) വഴി അപേക്ഷ സമർപ്പിക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് സർവകലാശാലാ വെബ് സൈറ്റ് സന്ദർശിക്കുക.

Ashokkumar K. P.
Deputy Registrar